# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- ഭാഷാ ന്യൂനപക്ഷപ്രദേശങ്ങളിൽ തമിഴും മലയാളവും അറിയുന്ന ക്ലാർക്കുമാരുടെ നിയമനം നടത്തുന്നതിന് സംഖ്യാബലം നിജപ്പെടുത്തിയ പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ(ഇപിഎ)വകുപ്പ്

സഉ(സാധാ) നം**2800**/2015/ തസ്വഭവ                    തീയതി, തിരുവനന്തപുരം, 15/09/2015

---

പരാമർശം: 1) 05/09/2013 ലെ 66110/എസ്.ഡി 2/13/പൊ.ഭ.വ നമ്പർ സർക്കുലർ.

2) പഞ്ചായത്ത് ഡയറക്ടറുടെ 01/11/2013 ലെ ഇ6-24891/13 നമ്പർ നടപടി ക്രമങ്ങൾ.

3) പഞ്ചായത്ത് ഡയറക്ടറുടെ 29/03/2014 & 30/07/2014 ലെ ഇ6-24891/13 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

വിവിധ വകുപ്പുകളിൽ കന്നഡ ഭാഷാ ന്യൂനപക്ഷപ്രദേശങ്ങളിൽ കന്നഡ, മലയാളം അറിയുന്ന എൽ.ഡി. ക്ലാർക്കുമാരെ നിയമിക്കുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സർക്കാർ പരാമർശം 1 പ്രകാരം നിർദ്ദേശം നൽകിയിരുന്നു.തുടർന്ന് പരാമർശം 2 പ്രകാരം പാലക്കാട് ജില്ലയിലെ തമിഴ്ഭാഷാ ന്യൂന പക്ഷ പ്രദേശങ്ങളിലെ 16 പഞ്ചായത്തുകളിൽ (എരുത്തേമ്പതി, വടകരപതി, കൊഴിഞ്ഞാമ്പാറ, നല്ലേപ്പിള്ളി, പട്ടഞ്ചേരി, പെരുമാട്ടി, വടവന്നൂർ, മുതലമട, കൊല്ലങ്കോട്, നെന്മാറ, എലവഞ്ചേരി, പല്ലശ്ശന, കൊടുവായൂർ, അയിലൂർ, പുതുനഗരം, നെല്ലിയാമ്പതി) ആകെയുള്ള ക്ലാർക്ക് തസ്തികയിൽ ഒരു തസ്തിക വീതം തമിഴ് - മലയാളം വിഭാഗത്തിലേയ്ക്ക് കൺവർട്ട് ചെയ്ത് പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഒഴിവുകൾ പി. എസ്. സിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ഇപ്രകാരം നിയമനം ലഭിക്കുന്ന ക്ലാർക്കുമാർക്ക് ടി 16 പഞ്ചായത്തുകളിൽ അല്ലാതെ മറ്റ് പഞ്ചായത്തുകളിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കാൻ പാടില്ലാത്തതുമാണ് എന്ന് നിഷ്കർഷിച്ചിരുന്നു.

പരാമർശം 2 പ്രകാരമുള്ള നടപടി ക്രമത്തിന് സാധൂകരണം നൽകണമെന്ന് അപേക്ഷിച്ച് പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി

പരിശോധിക്കുകയും നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടിക്രമം ഇതിനാൽ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീകല സി.എസ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
പൊതുഭരണ വകുപ്പ് (02/03/2015 ലെ 13781/എസ്.ഡി2/15/പൊഭവ നമ്പർ കുറിപ്പ്. )
ഡയറക്ടർ. ഐ.കെ.എം ( തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ